# പുത്തൻലോകക്രമവും ചലിക്കുന്ന മൂലധനവും

## (ആഗോളവൽക്കരണം മുൻലക്കം തുടർച്ച)

### പ്രവർത്തന രീതി

ആഗോളവൽക്കരണത്തിന്റെ അടിസ്ഥാനം മുതലാളിത്തമാണെന്നും ഈ പ്രക്രിയ മുതലാളിത്തത്തിന്റെ ആഗോളവ്യാപനമാണെന്നും പലരും സമ്മതിക്കുന്നുണ്ട്. രണ്ടാംലോകമഹായുദ്ധത്തിനു ശേഷം രൂപം മാറിയ സാമ്രാജ്യത്വമാണെന്നുവരെയും സമ്മതിക്കുന്ന ആഗോളവൽക്കരണവാദികളുണ്ട്.

വ്യാവസായികവിപ്ലവത്തിന്റെ ഫലമായി(1870ലെ മഹാതകർച്ചയ്ക്കു ശേഷം) ഉൽപ്പാദനത്തിലും മൂലധനത്തിലും വൻകേന്ദ്രീകരണമുണ്ടായി. ആഗോളതലത്തിലെ കുത്തകകൾ വളർന്നുവന്നത് ഇങ്ങനെയാണ്. മൂലധനത്തിന്റേയും അസംസ്കൃതവസ്തുക്കളുടേയും ഉൽപ്പന്നങ്ങളുടേയും ഒരു ആഗോളകമ്പോളം അന്നു രൂപപ്പെട്ടു. ഇത് രാജ്യങ്ങൾ തമ്മിലും രാജ്യങ്ങൾക്കകത്തും തൊഴിൽ വിഭജനം സൃഷ്ടിച്ചു. അടിമരാജ്യങ്ങൾ അസംസ്കൃതവസ്തുക്കൾ നൽകുന്നവരും പരിഷ്കൃത ഉൽപ്പന്നങ്ങൾ വാങ്ങുന്നവരുമായി. ഫോർഡിന്റേയും മറ്റും ആഭിമുഖ്യത്തിൽ വളർന്നുവന്ന കേന്ദ്രീകൃത ഉൽപാദനവ്യവസ്ഥ സാമ്രാജ്യത്വരാഷ്ട്രങ്ങളെ ഏറെ മുന്നോട്ടുകൊണ്ടുപോയി. ശാസ്ത്രീയ തൊഴിൽ ബന്ധങ്ങളും ദേശരാഷ്ട്ര സങ്കൽപ്പങ്ങളും അവിടെ വളർന്നുവന്നു. ട്രേഡ്യൂണിയനുകളുടെ ശക്തി വർദ്ധിച്ചതും സോവിയറ്റ്യൂണിയനിലടക്കമുണ്ടായ ഇടതുപക്ഷമുന്നേറ്റവും മൂലം അന്നാട്ടിലെ തൊഴിലാളികൾക്ക് മെച്ചപ്പെട്ട സേവന വേതന വ്യവസ്ഥകളുമുണ്ടായി. കോളനിരാജ്യങ്ങളിലെ ചൂഷണം വഴി നേടിയിരുന്നതാണെങ്കിലും ഈ കുത്തകകമ്പനികൾക്ക് തങ്ങളുടെ ലാഭത്തിന്റെ ഒരു വിഹിതം സ്വന്തം സമൂഹത്തിൽ പുനർവിതരണം നടത്തേണ്ടതായി വന്നു. സ്വാതന്ത്ര്യം നേടിയ കോളനി രാജ്യങ്ങളെ നിയന്ത്രിക്കാൻ വേണ്ടിയാണല്ലോ വ്യാപാരത്തിലും ധനമിടപാടുകളിലും ചില അന്താരാഷ്ട്ര നിയമങ്ങളും സ്ഥാപനങ്ങളുമുണ്ടാക്കിയത്. എന്നാൽ 1960കളിൽ പ്രശ്നം മറ്റൊരു വഴിക്ക് തിരിഞ്ഞു. കമ്പോളമാന്ദ്യം, ഉൽപ്പാദനക്ഷമതയിലെ മുരടിപ്പ്, സംഘടിത തൊഴിൽ ശക്തിയുടെ ഫലമായി കൂലി വർദ്ധനവ്, ഇതെല്ലാം വഴി മുടക്കുമുതലിലെ ലാഭവീതത്തിലെ കുറവ് തുടങ്ങിയവയുമുണ്ടായി. മുതലാളിത്തവ്യവസ്ഥയിൽ ഇടക്കിടെയുണ്ടാകുന്ന(ചാക്രിക)കുഴപ്പങ്ങൾ മാത്രമാണിവയെന്നും ഇത് നേരിടാൻ ചില നയംമാറ്റങ്ങൾ ആവശ്യമാണെന്നും മുതലാളിത്തം കണ്ടെത്തി.

ഈ മാന്ദ്യവും തകർച്ചയും ഏറ്റവുമധികം ബാധിച്ചത്, ഏറ്റവും വലിയ സാമ്പത്തിക ശക്തിയായ അമേരിക്കയെ തന്നെയായിരുന്നു. അവരുടെ ഉൽപ്പാദനസംവിധാനം കടുത്ത സമ്മർദ്ദത്തിലായി. ആഗോളകമ്പോളത്തിൽ അവരുടെ മത്സരശേഷി(വിശേഷിച്ചും ജപ്പാനും ജർമ്മനിയുമായി)തീരെ കുറഞ്ഞു. വ്യാപാരശിഷ്ടം ഏറെ പ്രതികൂലമായി(കയറ്റുമതിയേക്കാൾ ഇറക്കുമതി വളരെ കൂടുതലായി)ഇനിമേൽ സ്വതന്ത്രവ്യാപാരത്തിന്റെ മുഖംമൂടിയണിയാനാവില്ലെന്ന് അവർക്കു ബോധ്യമായി. അമേരിക്ക തന്നെ നേതൃത്വം കൊടുത്തു നടപ്പിലാക്കിയ ബ്രട്ടൻ വുഡ്സ് പരിഷ്കാരങ്ങൾ അവർ തന്നെ കീറിയെറിഞ്ഞു. വ്യാപാരത്തിന്റെ ഏകപക്ഷീയമായ നയങ്ങൾ നടപ്പിലാക്കി. ഏറ്റവും പ്രധാനമായി ചെയ്തത് നാണയമൂല്യം മാറ്റുകയാണ്. ലോകമാകെ കൈമാറ്റത്തിനു മാനദണ്ഡമായി കണക്കാക്കിയിരുന്നത് ഡോളറാണ്. ഇതിന്റെ വില കമ്പോളത്തിനനുസരിച്ച് സ്വതന്ത്രമായി മാറുന്നതിനു പകരം അമേരിക്കൻ സർക്കാർ ഇടപെട്ട് തങ്ങളുടെ വ്യാപാരത്തിനനുകൂലമാക്കി മാറ്റി. ഫെഡറൽ റിസർവ്വ് ബോർഡിൽ ഇടപെട്ട് പലിശനിരക്കും മാറ്റിമറച്ചു. ഇവിടെയാണ് ലോകമുതലാളിത്തത്തിന്റെ വീക്ഷണത്തിൽ തന്നെ കാര്യമായ വ്യതിയാനം വരുന്നത്. രാഷ്ട്രാന്തരീയ കോർപ്പറേഷനുകൾ സ്വന്തം ശക്തി സ്ഥാപിക്കാൻ ആരംഭിച്ചു.

### മൂലധനം ചലിക്കുന്നു

സ്വന്തം രാജ്യത്തെ തൊഴിൽ വളരെ വിലകൂടിയതാണ് ഈ പ്രതിസന്ധിക്കു കാരണമെന്നും അവിടെ നിലനിൽക്കുന്ന സംഘടിത വിലപേശൽ ശേഷിയെ തകർക്കുക എളുപ്പമല്ലെന്നും ബോദ്ധ്യപ്പെട്ട ബഹുരാഷ്ട്ര മൂലധനം കൂലികുറഞ്ഞ സ്ഥലങ്ങൾ അന്വേഷിക്കാൻ തുടങ്ങി. അതുവരെ വായ്പയിലൂടെ മൂന്നാംലോകത്തെ ചൂഷണം ചെയ്തിരുന്നവർ, വിദേശമൂലധന നിക്ഷേപമെന്ന ആയുധം ഉപയോഗിക്കാൻ തീരുമാനിച്ചു. മൂന്നാം ലോകത്തിൽ മൂലധനം വൻതോതിൽ മുടക്കി. അതുപോലെ ആ കമ്പോളങ്ങളും കീഴടക്കാൻ തുടങ്ങി. ആഗോളവ്യാപാരം വർദ്ധിക്കുന്നതും കേന്ദ്രീകരിക്കുന്നതും ഇങ്ങനെയാണ്. 1980കളിൽ തന്നെ ലോകത്തിലെ ഏറ്റവും വലിയ അഞ്ഞൂറ് ബഹുരാഷ്ട്ര ഭീമന്മാരുടെ വിറ്റുവരവ് ലോകത്തിലെ മൊത്തം ഉൽപ്പാദനത്തിന്റെ മുപ്പത് ശതമാനവും മൊത്തം രാഷ്ട്രാന്തരീയ വ്യാപാരത്തിന്റെ എഴുപതു ശതമാനവുമായി(അൺക്ടാഡ്- 94ലെ റിപ്പോർട്ട്) ഇതിൽ പകുതിയോളം യഥാർത്ഥ കച്ചവടമല്ല. ഈ ബഹുരാഷ്ട്ര സ്ഥാപനങ്ങളുടെ വിവിധ രാജ്യങ്ങളിലെ ഉൽപാദനയൂണിറ്റുകൾ തമ്മിലുള്ള കൈമാറ്റമാണ്. ഉൽപ്പന്നങ്ങൾ പൂർണ്ണമായോ ഭാഗികമായോ മൂന്നാംലോകത്തു നിർമ്മിച്ച് കൈമാറുകയാണ് ചെയ്യുന്നത്. മൂന്നാംലോകരാജ്യങ്ങളിൽ തദ്ദേശീയസർക്കാരുകൾക്ക് യാതൊരു നിയന്ത്രണവുമില്ലാതെ കയറ്റുമതി സംസ്കരണമേഖലകളും സ്വതന്ത്ര വ്യാപാരമേഖലകളും ഉയർന്നുവന്നത് ഇതിനു വേണ്ടിയാണ്.

ഈ മൂലധന ഒഴുക്കിന് വ്യത്യസ്തരൂപങ്ങളുണ്ട്. നിലവിലുള്ള ഓഹരിക്കമ്പോളത്തിലെ ഓഹരിക്കച്ചവടത്തിൽ ഇടപെടുന്ന മൂലധനമാണിതിൽ പ്രധാനം. ഇതിനെ പോർട്ട് ഫോളിയോ മുതൽമുടക്ക് എന്നുവിളിക്കും. ഫലത്തിൽ ഇത് ഊഹക്കച്ചവടത്തിൽ വരുന്ന പണമാണ്. ഇതിനെ ഊഹമൂലധനം (സ്പെക്യുലേറ്റീവ് ക്യാപ്പിറ്റൽ) എന്നു വിളിക്കുന്നതാകും കൂടുതൽ ശരി. ഇതുപോലെത്തന്നെ ഉൽപ്പാദനരംഗത്ത് നേരിട്ടുള്ള നിക്ഷേപം (ഫോറിൻ ഡയറക്ട് ഇൻവെസ്റ്റ്മെന്റ്- എഫ്. ഡി. ഐ)കുറച്ചുണ്ട്. എഴുപതുകളുടെ മദ്ധ്യത്തിൽ പ്രതിദിന ആഗോളമൂലധനചലനം 100 കോടി ഡോളറായിരുന്നത് 90കളുടെ ആദ്യമായപ്പോഴേക്കും 1200 കോടി ഡോളറായി വളർന്നു. ഇത് ചരക്കുകളുടേയും സേവനങ്ങളുടേയും ആഗോളവ്യാപാരത്തിന്റെ മുപ്പതു മടങ്ങിലേറെയാണ്. (അൺക്ടാഡ്-94)

ഈ മൂലധന ഒഴുക്കിന്റെ അഞ്ചുശതമാനം പോലും ഉൽപ്പാദനപരമായിരുന്നില്ല. വെറും പണവ്യാപാരം മാത്രം. മൂന്നാം ലോകത്തിൽ നടത്തിയ ഓഹരിക്കച്ചവടത്തിലൂടെ കോടിക്കണക്കിനു ഡോളർ പുറത്തേക്കൊഴുക്കുകയായിരുന്നുവെന്ന് കണ്ടെത്തിയിട്ടുണ്ട്. കുറഞ്ഞ പലിശക്ക് തങ്ങളുടെ നാട്ടിൽനിന്നെടുക്കുന്ന പണം മൂന്നാംലോകത്തെ ഉയർന്ന പലിശനിരക്കുപയോഗിച്ച് വർദ്ധിപ്പിക്കുന്നതും വിദേശവിനിമയനിരക്കിലെ മാറ്റങ്ങൾ ഉപയോഗിച്ച് നാണയക്കച്ചവടം നടത്തി ലാഭമുണ്ടാക്കുന്നതുമെല്ലാം ഇതിന്റെ ഭാഗമാണ്. മൂന്നാംലോകത്തെ ബാങ്കുകളെല്ലാം അന്താരാഷ്ട്രബാങ്കുകളായി മാറി. കടം വാങ്ങിയും വിദേശനിക്ഷേപം നേടിയും മാത്രമേ തങ്ങളുടെ നാട്ടിൽ വികസനം സാധ്യമാകൂ എന്ന് മൂന്നാം ലോകത്തിൽ വിശ്വാസം പരത്താനായി.

ലാറ്റിനമേരിക്കൻ രാജ്യങ്ങളിൽ (മെക്സിക്കോ, ബ്രസീൽ, അർജന്റീന തുടങ്ങിയവയിൽ) ഈ പ്രക്രിയ ആദ്യം ആരംഭിച്ചു. ഈ മൂന്നു രാജ്യങ്ങളുടെ 1972 ലെ മൊത്തം കടം 200 കോടി ഡോളറായിരുന്നുവെങ്കിൽ 1981 ആയപ്പോഴേക്കും കടം, 9,000 കോടി ഡോളറായി ഉയർന്നു. കടം വാങ്ങിയാൽ മാത്രമേ നിലനിൽക്കാനാകൂ എന്നതിനാലും ഇവിടെ മുടക്കിയിട്ടുള്ള വിദേശമൂലധനം നിമിഷങ്ങൾക്കൊണ്ട് അപ്രത്യക്ഷമാകുന്നതാണ് എന്നതിനാലും മൂന്നാം ലോകരാജ്യങ്ങളുടെ സമ്പദ്വ്യവസ്ഥ ഏതു നിമിഷവും തകരാവുന്ന ദുർബലാവസ്ഥയിലായി. 1994-95ൽ മെക്സിക്കോയിലും 97ൽ കിഴക്കനേഷ്യൻ രാജ്യങ്ങളിലും കഴിഞ്ഞ മാസങ്ങളിൽ അർജന്റീനയിലും ഉണ്ടായ തകർച്ചകൾ ഇതുമൂലമാണ്. മിക്കവാറും എല്ലാ ആഫ്രിക്കൻ രാജ്യങ്ങളും(പ്രത്യേകിച്ച് സബ്സഹാറൻ രാജ്യങ്ങൾ) ഇനിയൊരിക്കലും മെച്ചമാകാനാവാത്ത സ്ഥിതിയിലായി. ഇവരിപ്പോൾ ബഹുരാഷ്ട്രകമ്പനികളുടെ പട്ടികയിൽ പോലുമില്ല.

സാങ്കേതികവിദ്യയിലും ഓട്ടോമേഷനിലും വാർത്താവിനിമയത്തിലുമുണ്ടായ വൻവളർച്ച തൊഴിലാളിയുടെ ഉൽപ്പാദനക്ഷമത പലമടങ്ങാക്കി. ആവശ്യമായ തൊഴിലാളികളുടെ എണ്ണം കുറഞ്ഞു. ധാരാളം പേർ തൊഴിലിൽ നിന്നും പുറത്തായി. കമ്പോളമാന്ദ്യത്തിന്റെ ഫലമായും സ്വകാര്യവൽക്കരണം മൂലവും തൊഴിലവസരങ്ങൾ തീരെ കുറഞ്ഞു. തൊഴിലും മൂലധനവും തമ്മിലുള്ള മത്സരത്തിൽ തൊഴിൽ പുറകോട്ടുപോയി. ഇത് ഏറെ സംഘർഷങ്ങൾക്കു വഴി വെച്ചു. രാജ്യത്തിനകത്തും രാജ്യങ്ങൾ തമ്മിലും വളർന്ന സംഘർഷങ്ങൾക്ക് ഒരു ലോക യുദ്ധത്തിന്റെ സ്വഭാവമുണ്ട്. വരുമാനത്തിൽ കൂലിയുടെ പങ്ക് കുറഞ്ഞതാണ് ഇതിന്റെ പ്രധാന സൂചകം. ലാറ്റിനമേരിക്കൻ രാജ്യങ്ങളിലാണ് പരിഷ്കാരങ്ങൾ ആദ്യം തുടങ്ങിയത് എന്നതിനാൽ ഈ സൂചനകൾ ആദ്യമുണ്ടായതും അവിടെതന്നെയാണ്. മൊത്തം ദേശീയ വരുമാനത്തിൽ കൂലിയുടെ പങ്കിൽ പത്തുവർഷം കൊണ്ടുണ്ടായ കുറവ്. ചിലി (48 ശതമാനത്തിൽ നിന്നും 38 ശതമാനമായി), അർജൻറീന (41ൽ നിന്നും 25 ആയും), മെക്സിക്കോ (38ൽ നിന്നും 27). പണത്തിന്റെ മൂല്യശോഷണം കൂടി കണക്കിലെടുത്താൽ യഥാർത്ഥ കൂലിയിൽ വന്ന കുറവ് വളരെ വലുതാണ്.

ഇതിനനുസൃതമായി തൊഴിൽ കമ്പോളത്തിലും മാറ്റങ്ങളുണ്ടായി. തൊഴിൽ സുരക്ഷിതത്വം കുറഞ്ഞതോടെ തൊഴിലാളി സംഘടനകളുടെ വിലപേശൽ ശേഷിയും കുറവുണ്ടായി. ഇതോടൊപ്പം തന്നെ ഉയർന്നതും താഴ്ന്നതുമായ കൂലികളിലെ അന്തരം വളരെ കൂടി. കുറഞ്ഞ കൂലിയുള്ളവരുടെ എണ്ണവും കൂടി. അൺക്ടാഡിന്റെ കണക്കനുസരിച്ച് 1985-95 കാലത്ത് ലോകത്താകെ 12 കോടി പേർക്ക് തൊഴിൽ നഷ്ടമായി. ഇതിൽ മൂന്നുകോടിയിലേറെ പേർ യൂറോപ്യൻ സമൂഹത്തിലാണ്. ഇതുകൂടാതെ എഴുപതു കോടിയിലേറെ പേർ പൂർണ്ണ തൊഴിലിൽ നിന്നും ഭാഗിക തൊഴിലിലേക്കു മാറി. ഇവർക്ക് അനൗപചാരികവും നിത്യ ജീവിതം പുലർത്താനാവശ്യമായ വരുമാനമില്ലാത്തതുമായ തൊഴിൽ മാത്രമാണുള്ളത്. ഇതിൽ പകുതിയിലേറെപ്പേർ മൂന്നാം ലോകത്താണ്. (അന്താരാഷ്ട്ര തൊഴിൽ സംഘടന- ഐ.എൽ.ഒ - റിപ്പോർട്ട് -96) 8 കോടിയിലേറെപ്പേർ ഇക്കാലത്തിനിടയിൽ തൊഴിൽ തേടി നാടുവിട്ടു.

(തുടരും)